പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 4415 — 4.2.2014 ലെ മറുപടിയ്ക്ക്

## പ്രൈമറിവിദ്യാലയങ്ങളിൽ പ്രധാന അദ്ധ്യാപകരെ ക്ലാസ്സ് ചാർജ്ജിൽ നിന്ന് ഒഴിവാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി) | |
| (എ) | പ്രൈമറിവിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർക്ക് വിദ്യാഭ്യാസ വകുപ്പിന്റെ യോഗങ്ങൾ, ഉച്ചഭക്ഷണ പദ്ധതി, എ.ഇ.ഒ. ഓഫീസ് കാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നിരന്തരം സ്കൂൾ വിട്ടുനില്ക്കേണ്ടതായി വരുന്ന സാഹചര്യങ്ങളുള്ളതിനാൽ ഇവർക്ക് ചുമതലയുള്ള ക്ലാസ്സുകളുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | (എ) | 150 കുട്ടികളിൽ കൂടുതലുള്ള എൽ.പി. സ്കൂളുകളിലെയും 100 കുട്ടികളിൽ കൂടുതലുള്ള യു.പി. സ്കൂളുകളിലെയും ഹെഡ് മാസ്റ്റർമാരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | പുതിയ പാഠ്യപദ്ധതി പ്രകാരം എല്ലാ ദിവസവും ക്ലാസ്സിൽ അധ്യാപകൻ പോകേണ്ടത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (ബി) | ഓരോ വിഷയവും പഠിപ്പിക്കുന്നതിനുള്ള പിരീഡുകൾ അനുസരിച്ച് പ്രഥമാദ്ധ്യാപകർ സ്റ്റാഫ് കൗൺസിലുമായി ആലോചിച്ച് ഓരോ വർഷവും ആരംഭത്തിൽ ടൈം ടേബിൾ നിർമ്മിക്കണമെന്ന് കെ.ഇ.ആർ അദ്ധ്യായം VIII, ചട്ടം 4(1) ൽ പറയുന്നുണ്ട്. ഈ ടൈം ടേബിൾ അനുസരിച്ച് എല്ലാ ദിവസവും ക്ലാസ്സിൽ പോകാൻ അദ്ധ്യാപകർ ബാദ്ധ്യസ്ഥരാണ്. |

| | | | |
|---|---|---|---|
| (സി) | പൊതുവിദ്യാലയങ്ങളിലെ പ്രസ്തുത ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും, ക്ലാസ്സുകളിൽ എല്ലാ ദിവസവും അദ്ധ്യാപകന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനുമായി പ്രധാന അദ്ധ്യാപകരെ ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ? | (സി) | കേന്ദ്രവിദ്യാഭ്യാസ അവകാശനിയമപ്രകാരം 28.12.2011 ലെ ജി.ഒ(പി) നം.256/11/പൊവിവ പ്രകാരം 150 കുട്ടികളിൽ കൂടുതലുള്ള എൽ.പി. സ്കൂളുകളിലും 100 കുട്ടികളിൽ കൂടുതലുള്ള യു.പി.സ്കൂളുകളിലും ഹെഡ്ടീച്ചറിനെ ക്ലാസ് ചാർജ്ജിൽ നിന്നും ഒഴിവാക്കുന്നതിന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ